**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1496** **14-03-2022 - ൽ മറുപടിയ്ക്ക്**

**അനന്തരാവകാശ സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) | ലാൻഡ് റവന്യൂ മാന്വൽ വാല്യം 6ന്റെ ഖണ്ഡിക 236ലെ വ്യവസ്ഥകൾക്ക് അനുസരണമായി നിലവിൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു. അനന്തരാവകാശ സർട്ടിഫിക്കറ്റിനായുള്ള അപേക്ഷ തഹസിൽദാർക്കാണ് സമർപ്പിക്കേണ്ടത്. പ്രസ്തുത അപേക്ഷയിന്മേൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ മുഖാന്തിരം അന്വേഷണം നടത്തുകയും വില്ലേജ് ഓഫീസർ മരണ സർട്ടിഫിക്കറ്റ്, അവകാശികളുടെ മൊഴി, 2 അയൽസാക്ഷി മൊഴി, റേഷൻകാർഡ്, എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് തഹസിൽദാർക്ക് സമർപ്പിക്കുകയും ചെയ്യുന്നു. ഈ റിപ്പോർട്ടിന്റെയും, ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിൽ പരേതന്റെ അവകാശികളെ കൃത്യമായി ബോധ്യപ്പെട്ട ശേഷം തഹസിൽദാർ ഗസറ്റ് പരസ്യം തയ്യാറാക്കി ഗവൺമെന്റ് പ്രസ്സിലേയ്ക്ക് അയയ്ക്കുകയും ടി പരസ്യം പ്രസിദ്ധപ്പെടുത്തി വന്നതിനു ശേഷം അടുത്ത 30 ദിവസത്തിനുള്ളിൽ മറ്റ് ആക്ഷേപങ്ങൾ ഒന്നും ലഭിച്ചില്ലെങ്കിൽ സർട്ടിഫിക്കറ്റ് തയ്യാറാക്കി നല്കുകയും ചെയ്യുന്നു. |
| (ബി) | മരണപ്പെട്ട വ്യക്തിയുടെ സ്വത്തുക്കൾ ഭാഗം ചെയ്യുന്നതിനും ക്രയവിക്രയങ്ങൾ നടത്തുന്നതിനും അവകാശികളെ തീരുമാനിക്കാൻ അനന്തരാവകാശ സർട്ടിഫിക്കറ്റുകൾ കൊണ്ട് സാധിക്കുമോ; | (ബി) | ലാൻഡ് റവന്യൂ മാന്വൽ വാല്യം 6 ലെ ഖണ്ഡിക 236 പ്രകാരം അഞ്ചു ലക്ഷം രൂപ എന്ന പരിധിക്കു വിധേയമായി മാത്രമേ തഹസിൽദാർക്ക് അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുവാൻ നിർവ്വാഹമുള്ളൂ. ആയതിനാൽ മരണപ്പെട്ട വ്യക്തിയുടെ സ്വത്തുക്കൾ ഭാഗം ചെയ്യുന്നതിനും ക്രയവിക്രയങ്ങൾ നടത്തുന്നതിനും അവകാശികളെ തീരുമാനിക്കുന്നതിന് അനന്തരാവകാശ സർട്ടിഫിക്കറ്റ് ഉപയോഗപ്പെടുത്തുവാൻ സാധിക്കുകയില്ല. |

| | | | |
|---|---|---|---|
| (സി) | 2021 ഒക്ടോബർ 6-ലെ കേരള ഹൈക്കോടതി ഉത്തരവ് പ്രകാരം 10.08.1967-ലെ ജി.ഒ. (എം.എസ്.) നം.67/ആർ.ഡി., കേരള വില്ലേജ് മാനുവൽ ക്ലോസ്സ് 261 എന്നിവ അനുസരിച്ച് സിവിൽ കോടതിയിൽ നിന്നും സക്സഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | കോടതിയിൽ നിന്നും സക്സഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം കണക്കിലെടുത്ത് വില്ലേജ് മാനുവൽ ഭേദഗതി വരുത്തി അന്തരാവകാശ സർട്ടിഫിക്കറ്റ് കൂടുതൽ ഉപയുക്തമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | സർക്കാർ ജീവനക്കാരുടെ സേവന വ്യവസ്ഥയുമായി ബന്ധപ്പെട്ട കേരള ഫിനാൻഷ്യൽ കോഡ് - വാല്യം 1, കേരള സർവീസ് റൂൾസ് പാർട്-3, കേരള ട്രഷറി കോഡ് എന്നിവ പ്രകാരം സിവിൽ കോടതി അനുവദിക്കുന്ന സക്സഷൻ സർട്ടിഫിക്കറ്റിന് പകരമായി നിശ്ചിത സാമ്പത്തിക പരിധിക്കു വിധേയമായി (അഞ്ചു ലക്ഷം), തഹസിൽദാർ അനുവദിക്കുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റ് മതിയാകും എന്ന് പരാമർശിച്ചിട്ടുള്ളതാണ്. അനന്തരാവകാശ സർട്ടിഫിക്കറ്റ് കൂടുതൽ ഉപയുക്തമാക്കുന്നതിലേക്കായി പ്രസ്തുത ചട്ട വ്യവസ്ഥകളിലും, അത് പ്രകാരം തയ്യാറാക്കിയിട്ടുള്ള റവന്യൂ മാന്വലിലും ഭേദഗതികൾ വരുത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ